PUTHIYANGADI WEST L P SCHOOL

ESTD.1956

# Academic Master Plan
# 2025 -26

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## - മികച്ച ലൈബ്രറി പ്രവർത്തനം -

ആമുഖം :- 2025-26 അക്കാദമിക വർഷം പൂർത്തിയാകുമ്പോൾ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളും നല്ല വായനക്കാരായി മാറുക എന്ന ലക്ഷ്യം മുൻനിർത്തി ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനമാണ് മികച്ച ലൈബ്രറി എന്നത്.

ക്ലാസ് തലത്തിൽ ലൈബ്രറികൾ സ്ഥാപിച്ച് ആരംഭിക്കുന്ന വായനാ-പ്രവർത്തനം,

സ്കൂൾ തല ലൈബ്രറി - പ്രദേശവാസികൾക്ക് വായനാ പ്രോത്സാഹനം നൽകുന്ന തലത്തിൽ എത്തി നിൽക്കുന്ന പ്രവർത്തനം.

ജൂൺ.

## മയിൽ പീലി :-

കുഞ്ഞുങ്ങളുടെ സർഗ രചനകൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന പ്രവർത്തനം.

ജൂൺ ആദ്യവാരം - ചിത്ര രചന, കുട്ടിക്കവിത, കുറുങ്കവിത, കഥ, കടങ്കഥ, മിനിക്കഥ, സർഗാത്മക ഡയറി....

പ്രകാശനം - ബി.ആർ.സി

പിറന്നാൾ പുസ്തകം എന്ന ആശയം അവതരിപ്പിക്കുന്നു.

## ജൂലായ്

വണ്ടർ ഗിഫ്റ്റ് :-

പുസ്തക വിതരണം ഒന്നാം ഘട്ടം ; സാധാരണയിൽ നിന്ന് വ്യത്യസ്തമായി മനോഹരമായ സമ്മാനപ്പൊതിയായി കുട്ടികൾക്ക് പുസ്തകം നൽകുന്നു.

wonder Gift ആയി ഏറ്റുവാങ്ങുന്ന പുസ്തകം [ഓരോ കുട്ടിക്കും പ്രത്യേകം പ്രത്യേകം] സമ്മാനപ്പൊതികൾ വീട്ടിൽ കൊണ്ടുപോകാം.

അമ്മയുടെയോ, മുതിർന്നവരുടെയോ സഹായത്തോടു കൂടി പുസ്തക വായന ആരംഭിക്കട്ടെ ; പുസ്തകപ്പൊതി തുറന്ന വിശേഷം കുട്ടി പിറ്റേന്ന് ക്ലാസിൽ പങ്കുവയ്ക്കട്ടെ ; ഇത് പ്രചോദന വായനക്ക് വഴിയൊരുക്കും.

അധ്യാപകർ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുക. കുട്ടി പുസ്തകത്തെ എങ്ങനെ സമീപിക്കുന്നു എന്ന് രക്ഷിതാവുമായി സംസാരിക്കുക.

കുട്ടിയുടെ വായനാനുഭവം [കഥ എങ്ങനെയെന്ന് കുട്ടി പറയുന്നത് ടീച്ചർ കുട്ടിയുടെ വായനാനുഭവമായി രേഖപ്പെടുത്തണം] മുതിർന്ന ക്ലാസുകളിൽ കുട്ടിയെക്കൊണ്ട് തന്നെ രേഖപ്പെടുത്താൻ ആവശ്യപ്പെടുക ,

അധ്യാപകർ വായനാനുഭവം, വായന കുറിപ്പ്, സർഗാത്മക ഡയറി, ഡയറി (ടീച്ചർ വേർഷൻ) പരിചയപ്പെടുത്തുക - അസംബ്ലിയിൽ വെച്ചുതന്നെ ഉചിതം

## ആഗസ്റ്റ്

നാട്ടറിവ് :- നാടിന്റെ വാമൊഴികൾ പരിചയപ്പെടുത്തുന്ന പ്രസ്തുത പരിപാടിയിലേക്ക് മുതിർന്ന പൗരന്മാരെ വിദ്യാലയത്തിൽ ക്ഷണിച്ച് വരുത്തി ഇളം തലമുറയുമായി സംവദിക്കാൻ അവസരമൊരുക്കുന്നു.

നാടൻ പാട്ടുകൾ, വായ്ത്താരികൾ, നാട്ടറിവ് പാട്ടുകൾ, നാട്ടുവർത്തമാനം, പഴയകാല ഉപകരണങ്ങളുടെ പ്രദർശനം, പ്രവർത്തന വിവരണം.

## സെപ്തംബർ :-

ഓണപ്പൊലിമ :- ഓണവുമായി ബന്ധപ്പെട്ട വായനയ്ക്കും രചനയ്ക്കും
അവതരണത്തിനുമായി ഒരു ദിവസം,
ഓണച്ചൊല്ല്, ഓണക്കവിത, ഓണ ഐതിഹ്യം,
ഓണപ്പാട്ട് .....

ചെറിയ ക്ലാസുകൾക്ക് വായനാകാർഡ് നിർമ്മിക്കുന്നതിന്
രക്ഷിതാക്കൾക്ക് അവസരം നൽകുന്നു - ക്ലാസ് തലത്തിൽ.

## ഒക്ടോബർ

**പൈതൃകം :-** ഓരോ വീട്ടിൽ നിന്നും ഓരോ പുസ്തകം വിദ്യാലയത്തിലേക്ക്,

അന്തരിച്ച വ്യക്തികളുടെ ഓർമയ്ക്കായി ഒരു പുസ്തകം ഇളം തലമുറക്ക് കൈമാറുന്ന പൈതൃകം എന്ന ചടങ്ങോടെ പുസ്തകങ്ങൾ ഏറ്റു വാങ്ങുന്നു.

ലൈബ്രറി വികസനത്തിനാവശ്യമാകുന്ന പുസ്തകങ്ങൾ ശേഖരിക്കുന്നതിനായി ഒക്ടോബർ മാസം ചെലവഴിക്കുന്നു.

നവംബർ :-

വായനാ കുറിപ്പുകൾ:

* ഒന്നാം തരത്തിൽ കുട്ടികൾ വായിച്ച വായനാ കാർഡുകൾ ചേർത്ത് പുസ്തക രൂപത്തിലാക്കുന്നു.
* രണ്ടാം തരത്തിലെ കുട്ടികൾ വായനാ കാർഡുകൾ സചിത്ര പുസ്തകങ്ങളാക്കി സചിത്ര പുസ്തകം നിർമ്മിക്കുന്നു.
* മൂന്നാം തരത്തിലെ കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുന്നു.
    + വായിക്കാനെടുത്ത സമയം,
    + പുസ്തകത്തിന്റെ പേര്,
    + പുസ്തകത്തിനെ കുറിച്ച് ഒന്നോ രണ്ടോ വരികൾ എഴുതുന്നു.
* നാലാം തരത്തിലെ കുട്ടികൾ പുസ്തക പരിചയം എഴുതി തയ്യാറാക്കുന്നു. കുട്ടികൾ വായിച്ച ഏതെങ്കിലുമൊരു പുസ്തകത്തിന്റെ പരിചയപ്പെടുത്തൽ നടത്തുന്നു.

: മേൽ പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും കൃത്യമായി അധ്യാപകർ വിലയിരുത്തുന്നു.

# ഡിസംബർ

**സാഹിത്യം :-**

കവികളെയും സാഹിത്യകാരൻമാരെയും പരിചയപ്പെടുത്തുന്ന ഒരു പ്രവർത്തനമാണിത്.

കുട്ടികൾക്ക് അവർ വായിച്ച കഥ, കവിത എഴുതിയതാരാണെന്ന് മാത്രമെ അറിയൂ. ആ പുസ്തകം ആരാണ് എഴുതിയതെന്ന് ചോദിച്ചാൽ അവർ പറയും. എന്നാൽ സാഹിത്യകാരന്മാരെയോ, സാഹിത്യ സംഭാവനകളോ അവർക്കറിയില്ല.

കവികളെയും സാഹിത്യകാരൻമാരെയും കുറിച്ച് വ്യക്തമായ ധാരണ നൽകുന്ന പ്രവർത്തനം ചെയ്യുകയും ചെയ്യുന്നു.

വ്യത്യസ്ത സാഹിത്യകാരൻമാരുടെ പേരിൽ ഓരോ ചെറു ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.

ആ വ്യക്തിയെക്കുറിച്ച് പരമാവധി വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുന്നു.

## : ജനുവരി :

പത്രവൃത്താന്തം :-

കേരളത്തിലെ ലഭ്യമായ എല്ലാ മലയാള ദിനപത്രങ്ങളും സംഘടിപ്പിക്കുക.

ഓരോ വാർത്തകളും വ്യത്യസ്ത പത്രങ്ങൾ എങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു, കൂടുതൽ മനസ്സിലാകുന്നത് - താല്പര്യത്തോടെ വായിക്കാൻ പറ്റുന്നത്, ഏത് പത്രമാണ് എന്ന് പരിശോധിച്ച് കണ്ടുപിടിക്കുന്നു.

എല്ലാ വീടുകളിലും പത്രം വരുത്താൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു.

അതിന് കുട്ടികൾ തന്നെ മുൻകയ്യെടുക്കട്ടെ.

- 'വാർത്താ ചെയിൻ' പ്രവർത്തനം നടത്താം.

ഒരു വാർത്ത ഓരോ സെന്റൻസ് വീതം ഓരോരുത്തർ വായിക്കുക.

- ഒന്ന്, രണ്ട് ക്ലാസുകൾക്ക് സംസാര ഭാഷയും പത്രഭാഷയും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
- മൂന്ന്, നാല് ക്ലാസുകൾക്ക് പത്രഭാഷയും കഥാ ഭാഷയും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.

ഫെബ്രുവരി.

കടന്നു വരൂ... തെരഞ്ഞെടുക്കൂ...

സ്കൂൾ ലൈബ്രറി പ്രദർശനം നടത്തുന്നു.

കുട്ടികൾ അവർക്കിഷ്ട പുസ്തകം സ്വയം തെരഞ്ഞെടുത്ത്
വായനയ്ക്ക് തയ്യാറാവുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു.

വായനാ കുറിപ്പുകൾ കൈമാറി പരിശോധിക്കുന്നു.

ഏറ്റവും മികച്ച 5 വായനാ കുറിപ്പുകൾ തെരഞ്ഞെടുക്കുന്നു.

# മാർച്ച്

വായനശാല സന്ദർശനം :-

സമീപത്തെ വായനശാല സന്ദർശിക്കുന്നു.
മെമ്പർഷിപ്പ് നേടുന്നു.
സ്കൂൾ ലൈബ്രറി വിപുലമാക്കുന്നു.
"എല്ലാവരും വായനക്കാർ' എന്ന ടൈറ്റിൽ സാർത്ഥകമാക്കുന്നു.
രക്ഷിതാക്കൾക്കും പരിസരവാസികൾക്കും പുസ്തകം നൽകി രേഖകൾ സൂക്ഷിക്കുന്നു.
ഏറ്റവും നല്ല ആസ്വാദനകുറിപ്പിനും, വായനാകുറിപ്പിനും വാർഷികാഘോഷ ദിനത്തിൽ വിശിഷ്ടാതിഥികൾ സമ്മാനം നൽകുന്നു.

2026- 27 വർഷത്തേക്ക്,

വായനക്കൂട്ടം ലോഞ്ചിങ്ങ്...